# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2615** **05/11/2019 ൽ മറുപടിക്ക്**

**<u>തൃക്കാരിയൂർ മഹാദേവ ക്ഷേത്രം</u>**

**ചോദ്യം** — **ശ്രീ.ആന്റണി ജോൺ**

**മറുപടി** — **കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിലെ തൃക്കാരിയൂരിൽ പരശുരാമൻ നേരിട്ട് പ്രതിഷ്ഠ നടത്തിയ തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ബി) | 1800 വർഷത്തെ പഴക്കമുള്ളതും പരശുരാമ പൂജയുള്ളതും പരശുരാമൻ നേരിട്ട് പ്രതിഷ്ഠ നടത്തിയ 108 ശിവക്ഷേത്രങ്ങളിലെ അവസാന ശിവക്ഷേത്രവുമായ തൃക്കാരിയൂരിൽ മഹാദേവ ക്ഷേത്രത്തിനോടനുബന്ധിച്ച് പരശുരാമൻ അന്തർധാനം ചെയ്ത സ്ഥലവും അതിനോടനുബന്ധിച്ച് പരശുരാമക്ഷേത്രവും നിലനിൽക്കുന്നകാര്യവും ക്ഷേത്ര കലയായ തീയാട്ടിന്റെ ഉത്ഭവകേന്ദ്രം എന്ന നിലയിൽ പഴയ ഭൂതത്താൻ കെട്ടിന്റെ ഐതിഹ്യവും പരിഗണിച്ച് പ്രസ്തുത ക്ഷേത്രത്തെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ, വിശദമാക്കുമോ? | (ബി) | ദേവസ്വം ബോർഡിൽ നിന്ന് പ്രൊപ്പോസൽ ലഭ്യമാകുന്ന സാഹചര്യത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ